(സി) ഏതെല്ലാം കൃഷി മേഖലയിൽ നിന്നുള്ള എത്ര പേർ വീതം പദ്ധതിയിൻകീഴിൽ നിലവിൽ വന്നിട്ടുണ്ട് ;

(ഡി) പദ്ധതി ആരംഭിച്ചതിനുശേഷം നാളിതുവരെ കാലവർഷക്കെടുതി, രോഗം, കീടങ്ങളുടെ ആക്രമണം, കാലാവസ്ഥാവ്യതിയാനം എന്നീ കാരണങ്ങളാൽ കാർഷിക വിള നശിച്ച എത്ര കർഷകർക്ക് മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയുണ്ടായി ;

(ഇ) ഓരോ വർഷവും അടച്ച ഇൻഷ്വറൻസ് പ്രീമിയം തുക എത്ര കോടി വീതമായിരുന്നു ;

(എഫ്) പ്രസ്തുത പദ്ധതിയെക്കുറിച്ച് പ്രത്യവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സമഗ്ര കാർഷിക ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 55/2012/എഡി. തീയതി, 17-3-2012 പ്രകാരം സംസ്ഥാനത്ത് സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

(സി-എഫ്) പദ്ധതി രൂപീകരണത്തിനായി നടപടികൾ പുരോഗമിച്ചു വരുന്നു.

കൃഷി വകുപ്പ് മുഖേന നൽകുന്ന ആനുകൂല്യങ്ങൾ

135 (7432) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് കൃഷിവകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്തെ വിവിധ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് കൃഷിവകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2011-ൽ കൃഷിവകുപ്പ് പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ കൃഷിവകുപ്പ് പ്രസിദ്ധീകരിച്ച ഈ പൗരാവകാശരേഖയിൽ കൃഷിവകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകിവരുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൃഷിവകുപ്പ് മുഖേന വിവിധ വിളകൾ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനമായി വിവിധ പദ്ധതികൾ മുഖേന സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകർക്ക് നൽകിവരുന്ന സബ്സിഡികളും മറ്റ് ആനുകൂല്യങ്ങളും ചുവടെ ചേർക്കുന്നു:

നെൽകൃഷി :- നെൽകർഷകർക്ക് സംസ്ഥാന-കേന്ദ്രസർക്കാരുകളുടെ പദ്ധതികൾ യോജിപ്പിച്ചുകൊണ്ട് സംഘകൃഷിക്ക് ഹെക്ടറിന് 4,500 രൂപ സബ്സിഡി നൽകുന്നു. കൂടാതെ പാടശേഖര സമിതികളുടെ പ്രവർത്തന ചെലവുകൾക്കായി ഹെക്ടറിന് 200 രൂപ പ്രകാരം ഒരു പാടശേഖരത്തിന് 20,000 രൂപ വരെ ധനസഹായം നൽകുന്നു. വിവിധ നെല്ല് വികസന ഏജൻസികൾക്ക് പ്രവർത്തന ആവശ്യങ്ങൾക്കായി 150.00 ലക്ഷം രൂപ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കൂടാതെ ഉല്പാദിപ്പിക്കുന്ന നെല്ല് കിലോക്ക് 19 രൂപ നിരക്കിൽ സപ്ലൈകോ മുഖേന സംഭരിക്കുന്നു. കർഷകർക്ക് ഉല്പാദന ബോണസ്സായി ഹെക്ടറിന് 1,000 രൂപ നിരക്കിൽ നൽകിവരുന്നു.

പച്ചക്കറി കൃഷി :- സ്കൂൾ വിദ്യാർത്ഥികൾക്കും വനിതകൾക്കും വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി വിത്ത് നൽകുന്നു. പച്ചക്കറി കർഷകർക്ക് ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 15,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. കൂടാതെ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പ്രോജക്ടടിസ്ഥാനത്തിൽ ധനസഹായം നൽകുന്നു. നഗര പ്രദേശങ്ങളിൽ ടെറസ്സിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഗ്രോബാഗുകൾ 75% സബ്സിഡി നിരക്കിൽ നൽകിവരുന്നു.

കേരകൃഷി :- തെങ്ങ് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് വിവിധ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തി 45 കോടി രൂപ പദ്ധതി 2014-15 സാമ്പത്തിക വർഷം സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കുന്നതാണ്. കിലോക്ക് 28 രൂപ നിരക്കിൽ കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നു.

വിളപരിപാലന പദ്ധതി :- 271 പഞ്ചായത്തുകളിലും 2 കോർപ്പറേഷനുകളിലും പ്രദേശത്തെ പ്രധാന വിളകൾ കൃഷി ചെയ്യുന്ന തെരഞ്ഞെടുത്ത കർഷകരുടെ കൃഷിയിടങ്ങൾ കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ആ പ്രദേശത്തേക്ക് വിള സംരക്ഷണത്തിനുവേണ്ട ശുപാർശകൾ നൽകുന്നു. 23 പഞ്ചായത്തുകളിൽ കാർഷിക ക്ലിനിക്കുകളും പ്രവർത്തിക്കുന്നു.

ആത്മ പദ്ധതി :- കൃഷി വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായി കർഷകർക്ക് പരിശീലനങ്ങൾ, പഠനയാത്രകൾ, പ്രദർശനത്തോട്ടങ്ങൾ, ഫാർമേഴ്സ് ഫീൽഡ് സ്കൂളുകൾ എന്നിവ നടത്തിവരുന്നു.

ജൈവകൃഷി:- ജൈവജില്ലയായ കാസർഗോഡ് ജൈവ കൃഷിരീതികൾ വ്യാപിപ്പിക്കുന്നതിന് കർഷകരുടെ ക്ലസ്റ്റർ രൂപീകരണം, നിലവിലുള്ളവയുടെ ശാക്തീകരണം, ജൈവവള നിർമ്മാണ യൂണിറ്റ്, പച്ചിലവള പ്രയോഗം, ജൈവ സർട്ടിഫിക്കേഷൻ എന്നിവയ്ക്ക് ധനസഹായം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തരിശുനില കൃഷി:- പ്രസ്തുത പദ്ധതി പ്രകാരം നെല്ലിന് ഹെക്ടറിന് 45,000 രൂപയും പച്ചക്കറിക്ക് ഹെക്ടറിന് 30,000 രൂപയും വാഴകൃഷിയ്ക്ക് 40,000 രൂപയും കിഴങ്ങുവർഗ്ഗങ്ങൾക്ക് ഹെക്ടറിന് 30,000 രൂപയും നൽകിവരുന്നു.

സുഗന്ധവിള കൃഷി:- സുഗന്ധവിള കൃഷിയായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പു, ജാതി എന്നിവയുടെ വികസനത്തിന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പ്രത്യേകം പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു.

അഗ്രോ സർവ്വീസ് സെന്ററുകൾ:- സംസ്ഥാനത്തെ 35 ബ്ലോക്കുകളിൽ കാർഷിക യന്ത്രങ്ങളും അവ ഉപയോഗിക്കുന്ന തൊഴിലാളികളുടെയും സേവനം മിതമായ നിരക്കിൽ അഗ്രോ സർവ്വീസ് സെന്ററുകൾ വഴി ലഭ്യമാക്കി വരുന്നു. കൂടുതൽ സെന്ററുകൾ 2014-15 വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കാർഷിക കർമ്മസേന - പഞ്ചായത്ത് തലത്തിൽ കാർഷിക യന്ത്രങ്ങളും അവയുടെ ഉപയോഗത്തിൽ പരിശീലനം നേടിയ തൊഴിലാളികളുടെയും ഒരു ടീം (സേന) രൂപീകരിച്ചുവരുന്നു. കർഷകർക്ക് മിതമായ നിരക്കിൽ ഇവരുടെ സേനവനം ലഭ്യമാകുന്നതാണ്.

കർഷക പെൻഷൻ:- 60 വയസ്സ് പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതിമാനദണ്ഡങ്ങൾക്ക് വിധേയമായി മാസം 500 രൂപ പെൻഷൻ നൽകുന്നു.

പരിശീലന പരിപാടികൾ:- കൃഷിവകുപ്പിന്റെ കീഴിലുള്ള 9 പരിശീലന കേന്ദ്രങ്ങളിലൂടെ കർഷകർക്ക് വിവിധ കാർഷിക വിഷയങ്ങളിൽ സൗജന്യ പരിശീലനം നൽകിവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. രാഷ്ട്രീയ കൃഷിവികാസ് യോജന (ആർ.കെ.വി.വൈ):

പ്രസ്തുത പദ്ധതിയിൽനിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് നാളികേര വികസനം, നെൽകൃഷി, കാർഷിക മേഖലയിലെ യന്ത്രവത്ക്കരണം തുടങ്ങിയ പ്രധാന മേഖലകളിൽ സംസ്ഥാന ബജറ്റിലുള്ള തുകയ്ക്ക് പുറമെ അധിക ധനസഹായം കർഷകർക്ക് നൽകിവരുന്നു.

2. മൈക്രോ ഇറിഗേഷൻ:- ഡ്രിപ്പ്, സ്പ്രിംഗ്ലർ രീതിയിലുള്ള ജലസേചന രീതികൾ കൃഷിയിടങ്ങളിൽ സ്ഥാപിക്കുന്നതിന് ആകെ ചെലവിന്റെ 75% വരെ സബ്സിഡിയായി നൽകുന്നു.

3. ബയോഗ്യാസ് വികസന പദ്ധതി:- ഗാർഹികാവശ്യത്തിന് ബയോഗ്യാസ് പ്ലാന്റ് (ദീനബന്ധു മോഡൽ) സ്ഥാപിക്കുന്നതിന് 1 m^3 വലിപ്പമുള്ള പ്ലാന്റിന് 3,500 രൂപയും 2-10m^3 വലിപ്പമുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് 8,000 രൂപയും ധനസഹായം നൽകിവരുന്നു. ഇവ കൂടാതെ കൃഷിവകുപ്പ് നൽകിവരുന്ന കർഷക അവാർഡുകൾ ഉൾപ്പെടെ 46 സേവനങ്ങൾ 2011-ൽ പ്രസിദ്ധീകരിച്ച പൗരാവകാശരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly